ത്തിനു പ്രത്യേക പരിഗണന നൽകുന്നുണ്ട്. കുഞ്ഞാമ്പുമാസ്റ്ററും മറ്റും ബാക്കി കാര്യങ്ങൾക്കുകൂടി മുൻകൈയെടുക്കുമെങ്കിൽ ഗവൺമെൻറ് എത്രയും വേഗം നടപടിയെടുക്കുന്നതാണ്.

ശ്രീ. എം. എം. തോമസ്: ഇല്ലിക്കര മലയിൽ നീലക്കൊടുവേലി ഉണ്ടെന്നു കേട്ടിട്ടുണ്ട്; അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി കേട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഇലവീഴാപ്പുഞ്ചിറയെപ്പറ്റിയും നീലക്കൊടുവേലിയെപ്പറ്റിയും കേട്ടിട്ടുണ്ട്, വാസ്തവം എന്താണെന്ന് അറിഞ്ഞുകൂടാ.

ശ്രീ. ബി. മാധവൻനായർ: വളളക്കടവിലെ സിദ്ധവൈദ്യ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതിനും മദ്രാസ് ഗവൺമെൻറ് ചെയ്യുന്നതു പോലെ സിദ്ധവൈദ്യൻമാർക്ക് പരിശീലനം നൽകുന്നതിനും നടപടി നടത്തുമോ, ഇങ്ങനെയൊരു ചികിൽസാസംപ്രദായം ആയുർവേദ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ പുരോഗമിപ്പിക്കുന്ന കാര്യം ശ്രദ്ധിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്: സിദ്ധവൈദ്യൻമാരെക്കുറിച്ചും സിദ്ധവൈദ്യശാലയെക്കുറിച്ചും ഗവൺമെൻറ് പരിഗണിച്ചിട്ടുണ്ട്. ഗവൺമെൻറ് കഴിവുള്ള തരത്തിൽ ഉടനടിയല്ലെങ്കിലും പടിപടിയായി വേണ്ട നടപടികളും സ്വീകരിക്കാം.

ശ്രീ. സി. കണ്ണൻ: ആയുർവേദ ആശുപത്രികളിലുണ്ടായിരുന്ന വിഷവൈദ്യൻമാരെ പല ആശുപത്രികളിൽനിന്നും നീക്കിയിട്ടുണ്ട്. ഇങ്ങനെ ചെയ്യാൻ കാരണമെന്താണ്? ഇത്തരം ആശുപത്രികളിൽ വിഷ വൈദ്യൻമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. ജോർജ്: വിഷവൈദ്യൻമാരുണ്ടായിരുന്നു. നിറുത്തലാക്കിയവിവരം അറിഞ്ഞുകൂടാ. നോട്ടീസില്ലാതെ അതിനെപ്പറ്റി കൃത്യമായ വിവരം പറയാൻ നിവൃത്തിയില്ല. ആവശ്യമുള്ള സ്ഥലങ്ങളിൽ അർഹതയനുസരിച്ചു വിഷവൈദ്യൻമാരെ നിയമിക്കാൻ എല്ലാ ഏർപ്പാടുകളും ചെയ്യാം.

Allotment of Cars

*109 [393] **Dr. K. George Thomas**: Will the Minister for Industries and Labour be pleased to state:

(a) whether Government have issued any specific direction prohibiting an order for car once booked for taxi trade from being converted for personal purposes, if so reqested, before the car is allotted;

(b) whether it has come to the notice of the Government that no uniform principle is being followed by the State Controller of Motor Cars in sanctioning such applications for conversion and if so, whether anything has been done in this direction;

(c) whether Government will be pleased to instruct the State Controller to allot cars strictly in accordance with the priority in booking?

Minister for Industries and Labour (**Shri P. Ravindran**):

(a) No.

(b) No.

(c) Government have already issued instructions in this behalf and the S. C. M. C. and S. is allotting cars strictly in accordance with priority in booking.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. മാധവൻ നായർ: സർ, എം. എൽ. എ. മാർക്ക് പ്രയോഗിച്ചി അനുവദിക്കുന്ന കാറുകളും ടൂറിസ്റ്റ് ടാക്സിയായി ഉപയോഗിക്കുന്നതിനു പെർമിറ്റു കൊടുക്കുന്നുണ്ടെന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ എല്ലാം അനുവദിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: കൊടുത്തിട്ടുള്ളതായി കാണുന്നില്ല. ടാക്സിയായി ഉപയോഗിക്കുന്നുണ്ടോ എന്നു ചോദിച്ചിരുന്നു. അതിന്റെ വിവരമാണു നൽകിയത്.

മെഡിക്കൽ കോളേജിലെ ക്രമക്കേടുകൾ

* 110 [394] ശ്രീ. എ. എസ്. എൻ. നമ്പീശൻ:
,, കെ. ചാത്തുണ്ണിമാസ്റ്റർ:
,, പി. കെ. കുഞ്ഞച്ചൻ:
,, എസ്. ഭാസ്കരൻ:
,, ടി. പി. കൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നടത്തുന്നഅഡ്മിഷനുകളിൽ വമ്പിച്ച ക്രമക്കേടുകളും ഇതിനെക്കുറിച്ചുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1969 നവംബർ ഒന്നിനുശേഷം ആലപ്പുഴ മെഡിക്കൽ കോളേജിൽ ആർക്കെങ്കിലും അഡ്മിഷൻ കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രപേർക്ക്;

(ഡി) ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ?

ആരോഗ്യവും ഗതാഗതവും മന്ത്രി (ശ്രീ. കെ. എം. ജോർജ്):

(എ) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ നടക്കുന്ന അഡ്മിഷനിൽ ക്രമക്കേടുകൾ ഉള്ളതായി പരാതി കിട്ടിയിട്ടില്ല; ആലപ്പുഴ ടി. ഡി. മെഡിക്കൽ കോളേജിലെ അഡ്മിഷനെ സംബന്ധിച്ച് ചില പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി) ഉണ്ട്. 1969 ഡിസംബറിലാണ് ലിസ്റ്റു പുറപ്പെടുവിച്ചത്.

(സി) 79 പേർക്ക് അഡ്മിഷൻ കൊടുത്തിട്ടുണ്ട്.

(ഡി) ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ട്*

ശ്രീ. പി. കെ. കുഞ്ഞച്ചൻ: മെഡിക്കൽ കോളേജിൽ ആപ്ലിക്കേഷൻ ക്ഷണിക്കുന്നതും സെലക്ട് ചെയ്യുന്നതും സംബന്ധിച്ച അടിസ്ഥാനപരമായ തത്വങ്ങൾ എന്താണെന്നും മാർക്കു കുറഞ്ഞവർക്ക് എങ്ങനെയാണ് അഡ്മിഷൻ കിട്ടുന്നത് എന്നും വ്യക്തമാക്കാൻ തയ്യാറാകുമോ? എല്ലാം അവസാനമാണോ തീരുമാനിക്കുന്നത്?

ശ്രീ. കെ. എം. ജോർജ്: മെഡിക്കൽ കോളേജിലെ അഡ്മിഷൻ വ്യവസ്ഥകൾ ഇന്നു വളരെ പ്രസിദ്ധങ്ങളാണ്. ആപ്ലിക്കേഷൻ കിട്ടിക്കഴിഞ്ഞശേഷം സെലക്ഷൻ കമ്മിറ്റികൂടി തീരുമാനിക്കും.

*Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly